**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2143** **06-07-2022 - ൽ മറുപടിയ്ക്ക്**

**വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വൈകിയതിനെ തുടർന്ന് രോഗി മരിക്കാനിടയായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വൈകിയതിനെ തുടർന്ന് രോഗി മരിക്കാനിടയായ സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് യൂറോളജി, നെഫ്രോളജി വിഭാഗം മേധാവികളെ അന്വേഷണ വിധേയമായി സർക്കാർ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022 ന് സ.ഉ (സാധാ) നം.1484/2022/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നുവരികയാണ്. |
| (ബി) | അവയവമാറ്റ ശസ്ത്രക്രിയ നടപടികൾ ഏകോപിപ്പിക്കുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; | (ബി) | വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട സ്ഥാപനം നിർവ്വഹിക്കേണ്ട എല്ലാ ഏകോപനവും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുകയുള്ളു. |
| (സി) | ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തിയോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022 ന് സ.ഉ (സാധാ) നം.1484/2022/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ